**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2535** **15-10-2024 - ൽ മറുപടിയ്ക്ക്**

**കാർഷിക മേഖലയിൽ സോളാർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | കാർഷിക മേഖലയിൽ സോളാർ പദ്ധതി വ്യാപിപ്പിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | (എ) | സൗരോർജ്ജ ഉത്പാദനവുമായി ബന്ധപ്പെട്ട് രാജ്യത്തെ കർഷകർക്ക് നൽകുന്ന സഹായപദ്ധതിയാണ് '**പ്രധാനമന്ത്രി കുസും പദ്ധതി (PM KUSUM)**'.<br><br>**PM KUSUM Component - C (IPS- Individual Pump Solarisation- വ്യക്തിഗത പമ്പുകളുടെ സൗരോർജ്ജവല്കരണം)**<br><br>വൈദ്യുത കണക്ഷൻ ഉള്ള കൃഷിയിടങ്ങളിലെ വൈദ്യുതിയിൽ പ്രവർത്തിക്കുന്ന 1 hp മുതൽ 7.5 hp വരെയുള്ള പമ്പുകൾ സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന പമ്പുകളായി മാറ്റി അതിൽ നിന്ന് ഉത്പാദിപ്പിക്കുന്ന അധിക വൈദ്യുതി കർഷകർക്ക് KSEBL - ന് വിൽക്കുവാൻ സഹായിക്കുന്ന പദ്ധതിയാണ് ഇത്. ഈ പദ്ധതി അനെർട്ടാണ് നടപ്പിലാക്കുന്നത്. ഇതിൻ പ്രകാരം ആവശ്യമായ പദ്ധതിത്തുകയുടെ 30% കേന്ദ്ര സബ്സിഡിയും 30% സംസ്ഥാന സബ്സിഡിയും ആകുന്നു. ശേഷിക്കുന്ന 40% ഉപഭോക്തൃപങ്കാളിത്ത തുകയാകുന്നു. ഈ പദ്ധതി പ്രകാരം സ്ഥാപിക്കപ്പെടുന്ന ഉപകരണങ്ങൾക്ക് കമ്മീഷൻ തീയതി തുടങ്ങി 5 വർഷം വാറന്റി നൽകുന്നതാണ്.<br><br>പി.എം.-കുസും പദ്ധതി C പ്രകാരം കേരളത്തിന് 100 കാർഷിക പമ്പുകൾ സോളാറിലേക്ക് മാറ്റാനാണ് കേന്ദ്ര സർക്കാർ തുടക്കത്തിൽ അനുമതി നൽകിയത്. ഇതിൽ 68 എണ്ണം (343 kWp) പമ്പുകൾ സൗരോർജ്ജ വൽക്കരിച്ചു കഴിഞ്ഞു. ഇതിലൂടെ പ്രതിവർഷം ഏകദേശം 4.5 ലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>ഈ പദ്ധതിയുടെ പ്രസക്തി അനെർട്ട് പഠിക്കുകയും, പദ്ധതിയുടെ പ്രയോജനം കേരളത്തിലെ കൂടുതൽ കർഷകരിലേക്ക് എത്തിക്കുക എന്ന ലക്ഷ്യവുമായി |

| | | | |
|---|---|---|---|
| | | | കേന്ദ്ര സർക്കാരിൽ നിന്നും പി. എം. കുസും കംപോണേന്റ് - സി യ്ക്കായി 45,000 അധിക പമ്പുകൾക്ക് അംഗീകാരം നേടിയെടുത്തു.<br><br>ഇതിൽ ആദ്യ ഘട്ട കേന്ദ്ര അനുമതി ലഭിച്ച 9,348 പമ്പുകളിൽ 5,955 പമ്പുകളുടെ നിർമ്മാണ പ്രവൃത്തികൾ നബാർഡ് RIDF ലോൺ ഉപയോഗിച്ച് നടപ്പിലാക്കിവരുന്നു. ഇത്രയും പമ്പുകൾക്കു സംസ്ഥാന വിഹിതവും കർഷക വിഹിതവും നബാർഡ് (RIDF) ലോൺ വഴിയാണ് കണ്ടെത്തുന്നത്. 7 വർഷമാണ് ലോൺ തിരിച്ചടവ് കാലാവധി പ്രതീക്ഷിക്കുന്നത്. ബാക്കി 3,393 പമ്പുകളുടെ സൗരോർജ്ജവൽക്കരണത്തിനായുള്ള തുകയ്ക്കുവേണ്ടി DPR നബാർഡിന്റെ പരിഗണനയിലാണ്. നിലവിൽ 1,824 എണ്ണം പമ്പുകളുടെ സൗരോർജ്ജവൽക്കരണത്തിനുള്ള വർക്ക് ഓർഡർ നൽകി കഴിഞ്ഞു. ഇതിൽ ആയിരത്തോളം എണ്ണത്തിന്റെ സൗരോർജ്ജ വൽക്കരണം പൂർത്തിയായി. കൃഷിഭവനുകളിൽ നിന്നും സൗജന്യ കാർഷിക കണക്ഷൻ ലഭിച്ചിട്ടുള്ള കർഷകരെയാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതു കർഷകർക്ക് യാതൊരുവിധ സാമ്പത്തിക ബാധ്യതയുമില്ലാതെയാണ് നടപ്പിൽ വരുത്തുന്നത്.<br><br>കേരളത്തിൽ ആകെ, വൈദ്യുതിയിൽ പ്രവർത്തിക്കുന്ന കാർഷിക പമ്പുകൾ ഏകദേശം 4.5 ലക്ഷത്തോളം വരും. 1 ലക്ഷത്തോളം പമ്പുകൾ ഈ പദ്ധതി വഴി സോളാറിലേക്ക് പരിവർത്തനം ചെയ്യാൻ അനെർട്ട് ലക്ഷ്യമിടുന്നു. ഈ പദ്ധതിയിലൂടെ ഒരു ലക്ഷം പമ്പുകൾ സൗരോർജ്ജവൽക്കരിക്കുമ്പോൾ ഏകദേശം 570 MU അധിക ഊർജ്ജം ഉല്പാദിപ്പിക്കപ്പെടുമെന്നു പ്രതീക്ഷിക്കുന്നു. ഇതിൽ കർഷകന്റെ ഉപയോഗത്തിന് ശേഷം 425.7 MU ഊർജ്ജം KSBEL - ന് വിൽക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ